**മഹാത്മാഗാന്ധി സർവ്വകലാശാല**

നം. 10563/10/2/എസ്.എം.ഇ./എസ്.എഫ്.1 28.12.2016

**പരിപത്രം**

വിഷയം:- സ്വാശ്രയ സ്ഥാപനങ്ങൾ - അദ്ധ്യാപക/അനദ്ധ്യാപക/ടെക്നിക്കൽ ജീവനക്കാരുടെ അവധി ചട്ടങ്ങൾ - സ്പെഷ്യൽ റൂൾസ് കർശനമായി പാലിക്കപ്പെടേണമെന്ന സിൻഡിക്കേറ്റ് നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- 05-11-2016-ൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ കൈക്കൊണ്ട തീരുമാനം.

സർവ്വകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്വാശ്രയ സ്ഥാപനങ്ങളിലെയും അദ്ധ്യാപക/അനദ്ധ്യാപക/സാങ്കേതിക ജീവനക്കാർക്ക് അവധി അനുവദിക്കുന്നത് സംബന്ധിച്ച്, സ്വാശ്രയ സ്ഥാപനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസിലെ അവധി ചട്ടങ്ങൾ കർശനമായി പാലിച്ചിരിക്കണമെന്ന് സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിരിക്കുന്നു.

ആയതിനാൽ, സർവ്വകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള എല്ലാ സ്വാശ്രയ സ്ഥാപനങ്ങളിലേയും അദ്ധ്യാപക/അനദ്ധ്യാപക/സാങ്കേതിക ജീവനക്കാരുടെയും അവധി അപേക്ഷകൾ സ്പെഷ്യൽ റൂൾസിലെ അവധി ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ അനുവദിക്കാവൂ എന്ന് എല്ലാ വകുപ്പ് മേധാവികളോടും കർശനമായി നിർദ്ദേശിച്ചുകൊള്ളുന്നു.

3/1/17

ഡെപ്യൂട്ടി രജിസ്ട്രാർ (എസ്.എഫ്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:-

എല്ലാ സെൽഫ് ഫിനാൻസിങ്ങ് സ്ഥാപനങ്ങളുടെയും മേധാവികൾക്ക്.